"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- മുസിരിസ് ഹെറിറ്റേജ് പദ്ധതി-"Development of Munakkal Beach"'- ഭരണാനുമതി കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.707/2024/TSM തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.301/2020/ടൂറിസം തീയതി 11-09-2020.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06-08-2024 തീയതിയിലെ DOT/802/2024-P2 നമ്പർ കത്ത്.

**ഉത്തരവ്**

മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട "Development of Munakkal Beach"'- എന്ന പ്രവൃത്തിയ്ക്ക് "5452-01-800-84 മുസിരിസ് ഹെറിറ്റേജ് ആൻറ് സ്പൈസ് റൂട്ട് പ്രോജക്ട്സ്" എന്ന ശീർഷകത്തിൽ നിന്നും ₹5,97,20,000/- രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും പ്രസ്തുത പ്രവൃത്തി M/s. INKEL Ltd. എന്ന സ്ഥാപനം മുഖേന 12 മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കുന്നതിനുമായി പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

(2) പ്രസ്തുത പ്രവൃത്തി ടെണ്ടർ മുഖേന കരാറുകാരന് നൽകിയത് 01.06.2021 ൽ ആണെന്നും തുടർന്ന് പദ്ധതി പ്രദേശത്ത് വെള്ളം കയറിയത് മൂലവും, പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് നൽകിയ ഡ്രോയിംങ്ങിൽ ഉണ്ടായ അവ്യക്തത കാരണവും യഥാസമയം പദ്ധതി പ്രവൃത്തികൾ ആരംഭിയ്ക്കാൻ കഴിഞ്ഞിരുന്നില്ലായെന്നും, എന്നാൽ ടി പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, പദ്ധതി പ്രവൃത്തികൾ ഭരണാനുതി കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പൂർത്തിയായ പദ്ധതി പ്രവൃത്തികളുടെ ബില്ലുകൾ കരാറുകാരന് അനുവദിച്ചു നൽകുന്നതിന് നിലവിൽ സാധിക്കാത്ത അവസ്ഥ നിലനിൽക്കുകയാണെന്നും, ആയതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ തുക അനുവദിക്കുന്നതിനായി മേൽ പദ്ധതിയുടെ ഭരണാനുമതി കാലാവധി 31-08-2024 തിയതി വരെ നീട്ടി നൽകണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരള ഫിനാൻഷ്യൽ കോഡ് Vol -I article Vol -I article 50(ii), 50 (i) പ്രകാരം , ഒരു നിശ്ചിത സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവ് വഹിക്കണമെന്ന് ഭരണാനുമതിയിൽ പ്രത്യേക വ്യവസ്ഥയുണ്ടെങ്കിൽ, പ്രസ്തുത ഭരണാനുമതി ആ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കാലഹരണപ്പെടുകയും ഭരണാനുമതിയുടെ കാലയളവ് ഭരണാനുമതിയിൽ തന്നെ വ്യക്തമാക്കിയിരിക്കുകയാണെങ്കിൽ, പ്രസ്തുത കാലയളവ് അവസാനിക്കുമ്പോൾ ഭരണാനുമതി കാലഹരണപ്പെടുമെന്നും യഥാക്രമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽ വ്യവസ്ഥ പ്രകാരം പരിശോധിക്കുമ്പോൾ പരാമർശം (1) പ്രകാരം നൽകിയിട്ടുള്ള ഭരണാനുമതി കാലഹരണപ്പെട്ടിട്ടുള്ളതായി കാണുന്ന സാഹചര്യത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്ത് മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട "Development of Munakkal Beach"'- എന്ന പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി 31-08-2024 തിയതി വരെ നീട്ടി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഫയൽ നമ്പർ 2881867/പിയു-സി3/122/2024-ധന തീയതി 09-12-2024)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/205/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 13-12-2024 16:38:14

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.